| 15-02-2024 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളെ - ബാബ വന്നിരിക്കുന്നത് മുള്ളുകളെ പുഷ്പമാക്കുന്നതിനാണ്, ബാബയ്ക്ക് സ്നേഹം മുള്ളുകളോടുമുണ്ട്, അതുപോലെ പൂക്കളോടുമുണ്ട്. മുള്ളുകളെ തന്നെയാണ് പുഷ്പമാക്കുന്നതിനുള്ള പരിശ്രമം ചെയ്യുന്നത്.**

ചോദ്യം:- ഏത് കുട്ടികൾക്കാണ് ജ്ഞാനത്തിന്റെ ധാരണ ഉണ്ടാകുന്നത് അവരുടെ അടയാളം കേൾപ്പിക്കൂ?

**ഉത്തരം:-** അവർ അത്ഭുതം ചെയ്ത് കാണിക്കും. അവർക്ക് തന്റേയും മറ്റുള്ളവരുടെയും മംഗളം ചെയ്യാതിരിക്കാൻ സാധിക്കില്ല. അമ്പ് തറച്ചിട്ടുണ്ടെങ്കിൽ നഷ്ടോമോഹയായി ആത്മീയ സേവനത്തിൽ മുഴുകും. അവരുടെ അവസ്ഥ ഏകരസവും അചഞ്ചലവും-ദൃഢതയുള്ളതുമായിരിക്കും. ഒരിയ്ക്കലും വിവേകശൂന്യമായ കാര്യങ്ങളൊന്നും തന്നെ ചെയ്യില്ല. ആർക്കും ദുഃഖം നൽകില്ല. അവഗുണങ്ങളാകുന്ന മുള്ളുകളെ ഇല്ലാതാക്കി മുന്നോട്ട് പോകും.

**ഓം ശാന്തി**. ഇത് കുട്ടികൾക്കറിയാം ബാബ വലിയ ലിവർ ക്ലോക്കാണ്. തീർത്തും കൃത്യമായ സമയത്തിൽ മുള്ളുകളെ പൂക്കളാക്കാൻ വരുന്നു. സെക്കന്റ് പോലും കുറയുകയോ കൂടുകയോ ഇല്ല. അല്പം പോലും വ്യത്യാസം ഉണ്ടാകുകയില്ല. ഇതും മധുര-മധുരമായ കുട്ടികൾക്കറിയാം അതായത് ഈ സമയം കലിയുഗീ മുള്ളുകളുടെ കാടാണ്. അതുകൊണ്ട് പുഷ്പമാകുന്നവർക്ക് നമ്മൾ പുഷ്പമായിക്കൊണ്ടിരിക്കുകയാണെന്ന ചിന്തയുണ്ടാവണം. മുൻപ് നമ്മളെല്ലാവരും മുള്ളുകളായിരുന്നു, ചിലർ ചെറുത് ചിലർ വലുത്. ചിലർ വളരെ ദുഃഖം നൽകിയിരുന്നു, ചിലർ കുറച്ച്. എന്നാൽ ബാബയ്ക്ക് സ്നേഹം എല്ലാവരോടുമുണ്ട്. മഹിമയുമുണ്ട് മുള്ളുകളോടും സ്നേഹം, പൂക്കളോടും സ്നേഹം. ആദ്യം ആരോടാണ് സ്നേഹമുള്ളത്? തീർച്ചയായും മുള്ളുകളോടാണ് സ്നേഹമുള്ളത്. ഇത്രയും സ്നേഹമുണ്ട്, പരിശ്രമിച്ച് അവരെ മുള്ളിൽ നിന്ന് പുഷ്പമാക്കുന്നു. ബാബ വരുന്നത് തന്നെ മുള്ളുകളുടെ ലോകത്തിലാണ്. ഇതിൽ സർവ്വവ്യാപിയുടെ കാര്യം സാധ്യമല്ല. ഒരാളുടെ മഹിമ തന്നെയാണ് പാടുന്നത്. മഹിമയുള്ളത് ആത്മാവിനാണ്. എപ്പോഴാണോ ആത്മാവ് ശരീരം ധാരണ ചെയ്ത് പാർട്ടഭിനയിക്കുന്നത് അപ്പോഴാണ് മഹിമ. ശ്രേഷ്ഠാചാരിയാകുന്നത് ആത്മാവാണെങ്കിൽ ഭ്രഷ്ടാചാരിയാകുന്നതും ആത്മാവു തന്നെയാണ്. ആത്മാവ് ശരീരം ധാരണ ചെയ്ത് എങ്ങനെയെല്ലാമാണോ പാർട്ടഭിനയിക്കുന്നത്, അതനുസരിച്ച് പറയുന്നു ഇത് കുകർമ്മിയാണ്, ഇത് സുകർമ്മിയാണ്. ആത്മാവ് തന്നെയാണ് നല്ലതോ, മോശമോ ആയ കർമ്മം ചെയ്യുന്നത്. സ്വയത്തോട് ചോദിക്കൂ സത്യയുഗീ ദൈവീക പുഷ്പമാണോ അതോ കലിയുഗീ ആസുരീയ മുള്ളാണോ? സത്യയുഗവും കലിയുഗവും! ദൈവീകം ആസുരീയം! ഇവ തമ്മിൽ വളരെ വലിയ വ്യത്യാസമുണ്ട്. ആരാണോ മുള്ളുകളായിട്ടുള്ളത് അവർക്ക് സ്വയത്തെ പൂവെന്ന് പറയാൻ സാധിക്കില്ല. പൂക്കളുണ്ടാകുന്നത് സത്യയുഗത്തിലാണ്, കലിയുഗത്തിൽ ഉണ്ടാകുന്നില്ല. ഇപ്പോൾ ഇതാണ് സംഗമയുഗം, ഇവിടെയാണ് നിങ്ങൾ മുള്ളിൽ നിന്ന് പുഷ്പമാകുന്നത്. ടീച്ചർ പാഠം നൽകുന്നു, കുട്ടികളുടെ ജോലിയാണ് അതിനെ വിപുലീകരിച്ച് (മനനം) പറഞ്ഞു കൊടുക്കുക. അതിൽ ഇതും എഴുതൂ അഥവാ പുഷ്പമാകാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ സ്വയത്തെ ആത്മാവെന്ന് മനസ്സിലാക്കൂ എന്നിട്ട് പുഷ്പമാക്കിമാറ്റുന്ന പരമപിതാ പരമാത്മാവിനെ ഓർമ്മിക്കൂ എങ്കിൽ നിങ്ങളുടെ അവഗുണം ഇല്ലാതായി നിങ്ങൾ സതോപ്രധാനമാകും. ബാബ രൂപ രേഖ നൽകുകയാണ് കുട്ടികളുടെ ജോലിയാണ് ശരിയാക്കി അച്ചടിക്കുക എന്നത്. അപ്പോൾ മുഴുവൻ മനുഷ്യരുടേയും ചിന്തയിൽപ്പെടും. ഇത് പഠിപ്പാണ്. ബാബ നിങ്ങളെ പരിധിയില്ലാത്ത ചരിത്രവും- ഭൂമിശാസ്ത്രവും പഠിപ്പിക്കുകയാണ്. മറ്റു സ്ക്കൂളുകളിലാണെങ്കിൽ പഴയ ലോകത്തിന്റെ ചരിത്രവും-ഭൂമിശാസ്ത്രവുമാണ് പഠിപ്പിക്കുന്നത്. പുതിയ ലോകത്തിന്റെ ചരിത്രവും-ഭൂമിശാസ്ത്രവും ആർക്കും അറിയുക തന്നെയില്ല. അതുകൊണ്ട് ഇത് പഠിപ്പുമാണ്, വിവേകവുമാണ്. എന്തെങ്കിലും മോശമായ കാര്യം ചെയ്യുന്നത് വിവേകമില്ലായ്മയാണ്. വീണ്ടും മനസ്സിലാക്കിത്തരികയാണ് ദുഃഖം നൽകുന്ന വികാരി കർമ്മങ്ങൾ ചെയ്യാൻ പാടില്ല. ദുഃഖഹർത്താവ്, സുഖ കർത്താവ് എന്നത് ബാബയുടെ മഹിമയല്ലേ. ആർക്കും ദുഃഖം കൊടുക്കാതിരിക്കാൻ ഇവിടെ നിങ്ങളും പഠിച്ചുകൊണ്ടിരിക്കുകയാണ്. ബാബ ശിക്ഷണം നൽകുകയാണ്- സദാ സുഖം നൽകിക്കൊണ്ടിരിക്കൂ. ഈ അവസ്ഥ അത്ര പെട്ടന്നൊന്നും ഉണ്ടാകില്ല. ബാബയുടെ സമ്പത്ത് സെക്കന്റിലെടുക്കാൻ സാധിക്കും. ബാക്കി യോഗ്യനാകാൻ സമയമെടുക്കുന്നു. മനസ്സിലാക്കുന്നുണ്ട് പരിധിയില്ലാത്ത അച്ഛന്റെ സമ്പത്താണ് സ്വർഗ്ഗത്തിന്റെ ചക്രവർത്തീ പദവി. നിങ്ങൾ മനസ്സിലാക്കിക്കൊടുത്തിട്ടുമുണ്ടാകും അതായത് പാരലൗകീക പിതാവിൽ നിന്ന് ഭാരതത്തിന് വിശ്വത്തിന്റെ ചക്രവർത്തീ പദവി ലഭിച്ചിട്ടുണ്ടായിരുന്നു. മനുഷ്യർ പറയുന്നത് ലക്ഷം വർഷങ്ങളെന്നാണ്. ഓരോ- ഓരോ യുഗത്തിന്റെയും ആയുസ്സ് ലക്ഷം വർഷങ്ങളെന്നുള്ളതും, മുഴുവൻ കൽപ്പത്തിന്റെയും ആയുസ്സ് 5000 വർഷങ്ങളുള്ളതെന്നും തമ്മിൽ

വളരെ വലിയ വ്യത്യാസമുണ്ട്.

ജ്ഞാനസാഗരൻ ഒരേയൊരു പരിധിയില്ലാത്ത ബാബയാണ്. ബാബയിൽ നിന്ന് ദൈവീകഗുണം ധാരണ ചെയ്യണം. ഈ ലോകത്തിലെ മനുഷ്യർ ദിനം-പ്രതിദിനം തമോപ്രധാനമായിക്കൊണ്ടിരിക്കുന്നു. കൂടുതൽക്കൂടുതൽ അവഗുണം പഠിച്ചുകൊണ്ടിരിക്കുന്നു. മുൻപ് ഇത്രയും അഴിമതിയും, വ്യഭിചാരവും, ഭ്രഷ്ഠാചാരവും ഇല്ലായിരുന്നു, ഇപ്പോൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഇപ്പോൾ നിങ്ങൾ ബാബയുടെ ഓർമ്മയിലൂടെ സതോപ്രധാനമായിക്കൊണ്ടിരിക്കുന്നു. എങ്ങനെയാണോ ഇറങ്ങിയത്, പിന്നീട് പോകേണ്ടതും അങ്ങനെതന്നെയാണ്. ആദ്യം ബാബയെ ലഭിച്ചു അതിന്റെ സന്തോഷം ഉണ്ടായിരിക്കും, സംബന്ധം യോജിച്ചു, പിന്നീടാണ് ഓർമ്മയുടെ യാത്ര. ആരാണോ കൂടുതൽ ഭക്തി ചെയ്തത് അവർക്ക് കൂടുതൽ ഓർമ്മയുടെ യാത്ര ഉണ്ടാകും. വളരെ കുട്ടികൾ പറയാറുണ്ട് ബാബാ ഓർമ്മ നിൽക്കുന്നില്ല. ഭക്തിയിലും ഇങ്ങനെ ഉണ്ടാകുന്നുണ്ട്. കഥ കേൾക്കാനിരിക്കുകയാണെങ്കിൽ ബുദ്ധി മറ്റ് പലതിലേയ്ക്കും ഓടിക്കൊണ്ടിരിക്കുന്നു. കേൾപ്പിക്കുന്ന ആൾ കാണുന്നുണ്ടായിരിക്കും പിന്നീട് പെട്ടെന്ന് ചോദിക്കുന്നു ഞാനെന്താണ് കേൾപ്പിച്ചത് അപ്പോൾ സംശയിക്കുന്നു. ചിലർ പെട്ടെന്ന് തന്നെ പറയും. എല്ലാവരും ഒരുപോലെയായിരിക്കില്ല. ഇനി ഇവിടെ ഇരിക്കുന്നുണ്ട് എന്നാൽ ധാരണ ഒന്നും തന്നെയില്ല. അഥവാ ധാരണയായി എങ്കിൽ അത്ഭുതം ചെയ്ത് കാണിക്കും. അവർക്ക് തന്റേയും മറ്റുള്ളവരുടെയും മംഗളം ചെയ്യാതിരിക്കാൻ സാധിക്കില്ല. ഇനി ആർക്കെങ്കിലും വീട്ടിൽ വളരെ സുഖസൗകര്യങ്ങളുണ്ട്, കൊട്ടാരവും, വാഹനങ്ങളും തുടങ്ങിയതെല്ലാമുണ്ട് എന്നാൽപോലും ഒരു പ്രാവശ്യം അമ്പേറ്റാൽ മതി, പതിയോട് പറയും ഞാൻ ഈ ആത്മീയ സേവനം ചെയ്യാൻ ആഗ്രഹിക്കുന്നു. എന്നാൽ മായ വളരെ ശക്തിശാലിയാണ്, ചെയ്യാൻ അനുവദിക്കില്ല. മോഹമില്ലേ. ഈ കൊട്ടാരം, ഇത്രയും സുഖം എങ്ങനെ ഉപേക്ഷിക്കും. നോക്കൂ, ഇത്രയും പേർ അതായത് ആദ്യം ആരാണോ ഓടി വന്നത് അവർ വലിയ-വലിയ ലക്ഷാധിപതികളുടെയും, കോടിപതികളുടെയും വീട്ടിലേതായിരുന്നു, എല്ലാം ഉപേക്ഷിച്ച് വന്നു. ഇത് ഭാഗ്യമാണ് കാണിക്കുന്നത്, ഉപേക്ഷിക്കുന്നതിനുള്ള ഇത്രയും ശക്തിയില്ല. രാവണന്റെ ചങ്ങലകളിൽ കുടുങ്ങിയിരിക്കുകയാണ്. ഇതാണ് ബുദ്ധിയുടെ ചങ്ങലകൾ. ബാബ മനസ്സിലാക്കിത്തരികയാണ്- നോക്കൂ, നിങ്ങൾ സ്വർഗ്ഗത്തിന്റെ അധികാരി പൂജ്യരായാണ് മാറുന്നത്! ബാബ ഗ്യാരണ്ടി ചെയ്യുകയാണ് 21 ജന്മം നിങ്ങൾ ഒരിയ്ക്കലും രോഗിയാകില്ല. സദാ ആരോഗ്യവാനായി 21 ജന്മം ജീവിക്കും. ഇനി നിങ്ങൾ പതിയോടൊപ്പം തന്നെ കഴിയൂ കേവലം പവിത്രമാകുന്നതിന്റെയും ആക്കിമാറ്റുന്നതിന്റെയും അനുമതി മാത്രം എടുക്കൂ. ഇത് നിങ്ങളുടെ കർത്തവ്യമാണ് ബാബയെ ഓർമ്മിക്കുക എന്നത്, അതിലൂടെ അപാരമായ സുഖം ലഭിക്കും. ഓർമ്മിച്ചോർമ്മിച്ച് തമോപ്രധാനത്തിൽ നിന്ന് സതോപ്രധാനമായി മാറും. എത്ര അറിവിന്റെ കാര്യമാണ്. ശരീരത്തിന് ഗ്യാരണ്ടിയില്ല. അതുകൊണ്ട് ബാബയുടേതായി മാറൂ. അതുപോലെ പ്രിയപ്പെട്ട ഒരാൾ വേറെയില്ല. ബാബ വിശ്വത്തിന്റെ അധികാരിയാക്കുന്നു, പറയുന്നു എത്ര ആഗ്രഹിക്കുന്നോ അത്രയും സതോപ്രധാനമാകൂ. നിങ്ങൾ അപാര സുഖം കാണും. ബാബ സ്വർഗ്ഗത്തിന്റെ കവാടം ഈ നാരികളിലൂടെ തുറപ്പിക്കുകയാണ്. മാതാക്കളിൽ തന്നെയാണ് ജ്ഞാനത്തിന്റെ കലശം വെയ്ക്കുന്നത്. ബാബ മാതാക്കളെത്തന്നെയാണ് ട്രസ്റ്റിയാക്കിയത്. എല്ലാം നിങ്ങൾ മാതാക്കൾ തന്നെ സംരക്ഷിക്കൂ. ബ്രഹ്മാവിലൂടെയല്ലേ കലശം വെച്ചത്. എന്നാൽ ഭക്തിമാർഗ്ഗത്തിലുള്ളവർ എഴുതി വെച്ചത്- സാഗരത്തെ മഥിച്ച് കൊണ്ട് അമൃതത്തിന്റെ കലശം ലക്ഷ്മിയ്ക്ക് നൽകി എന്നാണ്. ഇപ്പോൾ നിങ്ങൾക്കറിയാം- ബാബ സ്വർഗ്ഗത്തിന്റെ കവാടം തുറന്നുകൊണ്ടിരിക്കുകയാണ്. എങ്കിൽ എന്തുകൊണ്ട് നമ്മുക്ക് ബാബയുടെ അടുത്ത് നിന്ന് സമ്പത്തെടുത്തുകൂടാ. എന്തുകൊണ്ട് വിജയമാലയിൽ കോർക്കപ്പെട്ടുകൂടാ, മഹാവീരനായിക്കൂടാ. പരിധിയില്ലാത്ത അച്ഛൻ കുട്ടികളെ മടിയിലെടുക്കുകയാണ്- എന്തിന് വേണ്ടി? സ്വർഗ്ഗത്തിന്റെ അധികാരിയാക്കുന്നതിന് വേണ്ടി. തീർത്തും മുള്ളുകളായിരുന്നവർക്കിരുന്ന് പഠിപ്പ് നൽകുകയാണ്. അപ്പോൾ മുള്ളുകളോടും സ്നേഹമില്ലേ അതുകൊണ്ടല്ലേ അവരെ പുഷ്പമാക്കുന്നത്. ബാബയെ വിളിക്കുന്നത് തന്നെ പതിത ലോകത്തിലേയ്ക്ക് പതിത ശരീരത്തിലേക്കാണ്, നിർവ്വാണധാമം ഉപേക്ഷിച്ച് താഴേക്ക് വരൂ. ബാബ പറയുന്നു ഡ്രാമയനുസരിച്ച് എനിക്ക് മുള്ളുകളുടെ ലോകത്തിലേയ്ക്കു തന്നെയാണ് വരേണ്ടിവരുന്നത്. അപ്പോൾ തീർച്ചയായും സ്നേഹമില്ലേ. സ്നേഹമില്ലാതെ എങ്ങനെ പുഷ്പമാക്കും? ഇപ്പോൾ നിങ്ങൾ കലിയുഗീ മുള്ളിൽ നിന്ന് സത്യയുഗീ ദേവതാ സതോപ്രധാന വിശ്വത്തിന്റെ അധികാരിയാകൂ. എത്ര സ്നേഹത്തോടെയാണ് മനസ്സിലാക്കിത്തരുന്നത്. കുമാരിമാർ പുഷ്പമാണ് അതുകൊണ്ടാണ് എല്ലാവരും അവരുടെ കാലുകളിൽ വീഴുന്നത്. അവർ എപ്പോഴാണോ മുള്ളാകുന്നത്(പതിതം) അപ്പോൾ എല്ലാവരുടെ മുന്നിലും തലകുനിക്കേണ്ടിവരുന്നു. അതുകൊണ്ട് എന്ത് ചെയ്യണം? പുഷ്പത്തിനു സമാന ജീവിതം നയിക്കുകയാണെങ്കിൽ സദാപുഷ്പമായിരിക്കും. കുമാരിമാർ നിർവ്വികാരിയല്ലേ, ജന്മം വികാരത്തിലൂടെയാണ് എടുത്തതെങ്കിലും. എങ്ങനെയാണോ സന്യാസി വികാരത്തിലൂടെയല്ലേ ജന്മമെടുക്കുന്നത്. വിവാഹം ചെയ്ത് പിന്നീട് വീടിനേയും-കുടുംബത്തേയും മൊഴിചൊല്ലുന്നു. അവരെ പിന്നീട് മഹാനാത്മാവെന്ന് പറയുന്നു. സത്യയുഗീ ലോകത്തിലെ മഹാൻ ആത്മാവ്

വിശ്വത്തിന്റെ അധികാരിയും ഈ കലിയുഗീ ലോകത്തിന്റെ അധികാരിയും തമ്മിൽ എത്ര വ്യത്യാസമാണ്! അപ്പോഴാണ് ബാബ പറയുന്നത് – ചോദ്യം എഴുതൂ അതായത് കലിയുഗീ മുള്ളാണോ അതോ സത്യ യുഗീ പുഷ്പമാണോ? ഭ്രഷ്ഠാചാരിയാണോ അതോ ശ്രേഷ്ഠാചാരിയാണോ?

ഇതാണ് ഭ്രഷ്ടാചാരീ ലോകം. ഏതുവരെയാണോ രാവണ രാജ്യമുള്ളത് അതുവരെ ഇത് നിലനിൽക്കും. പറയുന്നുണ്ട് ആസുരീയ രാജ്യം, രാക്ഷസരാജ്യമെന്ന്. പക്ഷേ അത് ഞാനാണെന്ന് ആരും മനസ്സിലാക്കുന്നില്ല. ഇപ്പോൾ നിങ്ങൾ കുട്ടികൾ വളരെ യുക്തിയോടെ ചോദ്യം ചോദിക്കുന്നു അപ്പോൾ അവർ സ്വയം തന്നെ മനസ്സിലാക്കുന്നു നമ്മളും കാമിയും, ക്രോധിയും, ലോഭിയുമാണെന്ന്. പ്രദർശിനിയിലും ഇങ്ങനെ എഴുതൂ അപ്പോൾ അവർക്ക് സ്വയം ഞാൻ കലിയുഗീ മുള്ളാണെന്നുള്ള അനുഭൂതിയുണ്ടാകുന്നു. ഇപ്പോൾ നിങ്ങൾ പുഷ്പമായിക്കൊണ്ടിരിക്കുകയാണ്. ബാബയാണെങ്കിൽ സദാ പുഷ്പമാണ്. ബാബ ഒരിയ്ക്കലും മുള്ളാകുന്നതേയില്ല. ബാക്കി എല്ലാവരും മുള്ളാകുന്നു. ബാബയാകുന്ന പുഷ്പം പറയുകയാണ്– നിങ്ങളെയും പുഷ്പമാക്കുകയാണ്. നിങ്ങളെന്നെ ഓർമ്മിക്കൂ. മായ എത്ര പ്രബലനാണ്. അതുകൊണ്ട് നിങ്ങൾക്കെന്താ മായയുടേതാകണോ? ബാബ നിങ്ങളെ തന്നിലേയ്ക്ക് ആകർഷിക്കുകയാണ്, മായ തന്റെ വശത്തേയ്ക്ക് വലിക്കുകയാണ്. ഈ ശരീരമാണ് പഴയ ചെരുപ്പ്. ആത്മാവിന് ആദ്യം പുതിയ ചെരുപ്പാണ് ലഭിക്കുന്നത് പിന്നീട് പഴയതാകുന്നു. ഈ സമയം എല്ലാ ചെരുപ്പുകളും തമോപ്രധാനമാണ്. ഞാൻ നിങ്ങൾക്ക് പട്ടിന്റേതുണ്ടാക്കിത്തരികയാണ്. അവിടെ ആത്മാവ് പവിത്രമായത് കാരണം ശരീരവും പട്ടിന്റെതായിരിക്കും. ഒരു കുറവുമില്ല. ഇവിടെയാണെങ്കിൽ വളരെ കുറവുകളുണ്ട്. അവിടുത്തെ ലക്ഷണങ്ങൾ നോക്കൂ എത്ര സുന്ദരമാണ്. ആ ലക്ഷണങ്ങളൊന്നും തന്നെ ഇവിടെയുണ്ടാക്കാൻ സാധിക്കില്ല. ഇപ്പോൾ ബാബയും പറയുന്നു ഞാൻ എത്ര ഉയർന്നതാക്കിയാണ് മാറ്റുന്നത്. ഗൃഹസ്ഥത്തിലിരുന്നും താമരപുഷ്പത്തിനു സമാനം പവിത്രമാകൂ ഒപ്പം ജന്മ–ജന്മാന്തരമായി പറ്റിപ്പിടിച്ചിരിക്കുന്ന കറയെ ഇല്ലാതാക്കാനാണ് യോഗാഗ്നി. ഇതിൽ എല്ലാ പാപങ്ങളും ഭസ്മമാകും. നിങ്ങൾ പക്കാസ്വർണ്ണമാകും. കറയില്ലാതാക്കാനുള്ള വളരെ നല്ല യുക്തി പറയുകയാണ്, എന്നെ മാത്രം ഓർമ്മിക്കൂ. നിങ്ങളുടെ ബുദ്ധിയിൽ ഈ ജ്ഞാനമുണ്ട്. ആത്മാവും വളരെ ചെറുതാണ്. വലുതാണെങ്കിൽ ഇതിൽ പ്രവേശിക്കാൻ സാധിക്കില്ല. എങ്ങനെ സാധിക്കും? ആത്മാവിനെ കാണുവാനായി ഡോക്ടർമാർ വളരെ തലപുകയ്ക്കുന്നുണ്ട്, പക്ഷേ കാണാൻ കഴിയുന്നില്ല. സാക്ഷാത്ക്കാരം ഉണ്ടാകും. എന്നാൽ സാക്ഷാത്ക്കാരത്തിലൂടെയാണെങ്കിൽ ഒരു ലാഭവും ഉണ്ടാകുന്നില്ല. മനസ്സിലാക്കൂ നിങ്ങൾക്ക് വൈകുണ്ഢത്തിന്റെ സാക്ഷാത്ക്കാരമുണ്ടായി എന്നാൽ ഇതിലൂടെ പ്രയോജനമെന്താണ്! വൈകുണ്ഢവാസിയാകുന്നത് പഴയ ലോകം അവസാനിക്കുമ്പോഴാണ്. ഇതിന് വേണ്ടി നിങ്ങൾ യോഗത്തിന്റെ അഭ്യാസം ചെയ്യൂ.

അപ്പോൾ ബാബ മനസ്സിലാക്കിത്തരികയാണ് കുട്ടികളെ, ആദ്യം മുള്ളുകളോടാണ് സ്നേഹമുള്ളത്. ഏറ്റവും ഉയർന്ന സ്നേഹസാഗരൻ ബാബയാണ്. നിങ്ങൾ കുട്ടികളും മധുരമാകുകയാണ്. ബാബ പറയുന്നു സ്വയത്തെ ആത്മാവാണെന്ന് മനസ്സിലാക്കി ആത്മീയ സഹോദരനെ നോക്കൂ എങ്കിൽ വികാരി ചിന്ത തീർത്തും ഇല്ലാതാകും. സഹോദരൻ–സഹോദരിയുടെ സംബന്ധത്തിൽ പോലും ബുദ്ധി ചഞ്ചലപ്പെടുന്നുണ്ട് അതുകൊണ്ട് സഹോദരനെ നോക്കൂ. നിരാകാര ലോകത്തിലാണെങ്കിൽ ബോധം വരാനോ മോഹം പോകാനോ ശരീരം തന്നെയില്ല. ബാബ ആത്മാക്കളെത്തന്നെയാണ് പഠിപ്പിക്കുന്നത്. അതുകൊണ്ട് നിങ്ങളും സ്വയം ആത്മാവാണെന്ന് മനസ്സിലാക്കൂ. ഈ ശരീരം വിനാശിയാണ്. ഇതിനോട് അൽപം പോലും പ്രീതി വെയ്ക്കരുത്. സത്യയുഗത്തിൽ ഇതിനോട് പ്രീതി ഉണ്ടായിരിക്കില്ല. മോഹാജീത്ത് രാജാവിന്റെ കഥ കേട്ടിട്ടില്ലേ. അവർ പറഞ്ഞു ആത്മാവ് ഒരു ശരീരം വിട്ട് പോയി അടുത്തതെടുക്കും. ലഭിച്ചിട്ടുള്ള പാർട്ടാണ്, മോഹമെന്തിന് വെയ്ക്കണം? അതുകൊണ്ടാണ് ബാബയും പറയുന്നത് ജാഗ്രതയോടെ കഴിയണം. അമ്മ മരിച്ചാലും, ഭാര്യ മരിച്ചാലും ഹൽവ കഴിക്കണം. ഈ പ്രതിജ്ഞ ചെയ്യൂ ആര് മരിച്ചാലും ഞാൻ കരയില്ല. നിങ്ങൾ നിങ്ങളുടെ അച്ഛനെ ഓർമ്മിക്കൂ, സതോപ്രധാനമാകൂ. വേറൊരു വഴിയുമില്ല സതോപ്രധാനമാകുന്നതിന്. പുരുഷാർത്ഥത്തിലൂടെ മാത്രമാണ് വിജയമാലയിലെ മുത്താകുന്നത്. പുരുഷാർത്ഥത്തിലൂടെ എന്ത് ആഗ്രഹിക്കുന്നോ അതാകാൻ സാധിക്കും. ബാബ മനസ്സിലാക്കുന്നുണ്ട് എത്രത്തോളം പുരുഷാർത്ഥമാണോ കൽപം മുൻപ് ചെയ്തിട്ടുണ്ടാകുക അത് തന്നെ ചെയ്യും. ബാബ ദരിദ്രരുടെ നാഥനാണ്. ദാനവും ദരിദ്രർക്കാണ് നൽകുക. ബാബ സ്വയം പറയുകയാണ് ഞാൻ സ്വയം സാധാരണ ശരീരത്തിലാണ് വരുന്നത്. ബ്രഹ്മാവ് ദരിദ്രനുമല്ല, ധനവാനുമല്ല. നിങ്ങൾ കുട്ടികൾ മാത്രമാണ് ബാബയെ അറിയുന്നത് ബാക്കി മുഴുവൻ ലോകവും സർവ്വവ്യാപിയെന്ന് പറയുന്നു. ബാബ സ്ഥാപിക്കുന്ന ധർമ്മത്തിന്റെ ലോകത്തിൽ ദുഃഖത്തിന്റെ പേരുപോലും ഉണ്ടായിരിക്കില്ല.

ഭക്തിമാർഗ്ഗത്തിൽ മനുഷ്യർ ആശീർവ്വാദം ചോദിക്കാറുണ്ട്. ഇവിടെയാണെങ്കിൽ കൃപയുടെ ഒരു കാര്യവു

മില്ല. ഇവിടെ ആരുടെ മുന്നിൽ ശിരസ്സ് നമിക്കും? ബാബ ബിന്ദുവല്ലേ. വലിയ വസ്തുവാണെങ്കിൽ തല കുനിക്കാം ചെറിയ വസ്തുവിനു മുന്നിൽ തലകുനിക്കാനും സാധിക്കില്ല. ആരെ കൈകൂപ്പും. ഇവിടെ ഭക്തിമാർഗ്ഗത്തിന്റെ അടയാളങ്ങളെല്ലാം തന്നെ അപ്രത്യക്ഷമാകുന്നു. കൈകൂപ്പുന്നത് ഭക്തിമാർഗ്ഗത്തിലാണ്. സഹോദരിയും-സഹോദരനും വീട്ടിലെന്താ കൈകൂപ്പുമോ? കുട്ടിയെ ചോദിക്കുന്നതുതന്നെ അവകാശിയാക്കാൻ വേണ്ടിയാണ്. കുട്ടി അധികാരിയല്ലേ അതുകൊണ്ടാണ് ബാബ കുട്ടികൾക്ക് നമസ്ക്കാരം പറയുന്നത്. അച്ഛൻ കുട്ടികളുടെ സേവകനാണ്. ശരി !

വളരെക്കാലത്തെ വേർപാടിനുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണയ്ക്കുള്ള മുഖ്യസാരം -

1. വിനാശീ ശരീരത്തിൽ പ്രീതി വെയ്ക്കരുത്. മോഹാജീത്താകണം, പ്രതിജ്ഞ ചെയ്യൂ ആര് ശരീരം ഉപേക്ഷിച്ചാലും, നമ്മൾ കരയില്ല.

2. ബാബയ്ക്കു സമാനം മധുരമാകണം, എല്ലാവർക്കും സുഖം നൽകണം. ആർക്കും ദുഃഖം നൽകരുത്. മുള്ളുകളെ പൂക്കളാക്കുന്നതിനുള്ള സേവനം ചെയ്യണം. തന്റെയും മറ്റുള്ളവരുടെയും മംഗളം ചെയ്യണം.

### വരദാനം - ശുഭചിന്തയിലൂടെ നെഗറ്റീവിനെ പോസിറ്റീവായി പരിവർത്തനം ചെയ്യുന്ന ശുഭചിന്തകരായി ഭവിക്കൂ.

സദാ സമർത്ഥരായിരിക്കുന്നതിന് വേണ്ടി രണ്ട് ശബ്ദങ്ങൾ മാത്രം ഓർമ്മിക്കൂ - ശുഭചിന്തയും ശുഭചിന്തകനും. ശുഭചിന്തയിലൂടെ നെഗറ്റീവിനെ പോസിറ്റീവായി പരിവർത്തനം ചെയ്യാൻ സാധിക്കും . ശുഭചിന്തയും ശുഭചിന്തകനും ഇവ പരസ്പരം ബന്ധമുണ്ട്. ശുഭചിന്ത ഇല്ലായെങ്കിൽ ശുഭചിന്തകരാകാനും സാധിക്കില്ല. ഈ സമയം ഇവ രണ്ടും ഓർമ്മയിൽ വെയ്ക്കൂ കാരണം പല സമസ്യകളും അങ്ങനെയാണ്, ആളുകൾ അങ്ങനെയുള്ളവരാണ് അവർ വാക്കുകളിലൂടെ മനസിലാക്കില്ല എന്നാൽ ശുഭചിന്തകരായി തരംഗങ്ങൾ നൽകുകയാണെങ്കിൽ പരിവർത്തനപ്പെടും.

### സ്ലോഗൻ - ജ്ഞാന രത്നങ്ങൾ കൊണ്ട്, ഗുണങ്ങൾ കൊണ്ട് കളിക്കൂ മണ്ണ് കൊണ്ടല്ല.